# IBAC പ്രത്യേക റിപ്പോർട്ടുകളും സ്വാഭാവികനീതി നടപടിക്രമവും

## വിവരപത്രം

### IBAC പ്രത്യേക റിപ്പോർട്ടുകളുടെ കർത്തവ്യം

പ്രത്യേക റിപ്പോർട്ടുകളുടെ പ്രസിദ്ധീകരണം വഴി പരിശീലനം നൽകി പൊതുമേഖലയിലെ അഴിമതിയും പോലീസ് സേനയിലെ ദുർനടപടികളും തടയുക എന്നുള്ളത് IBAC യുടെ ചുമതലകളിൽ ഒന്നാണ്.

IBAC ക്ക് അവരുടെ കടമകളുടെയും ചുമതലകളുടെയും നിർവ്വഹണസംബന്ധമായ ഒരു പ്രത്യേക റിപ്പോർട്ട് ഏതുസമയത്തും പ്രസിദ്ധീകരിക്കാൻ സാധിക്കും. സംശയാസ്പദമായ 'അഴിമതി നടത്തിപ്പിന്റെ' ഒരു അന്വേഷണം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടും ഇതിൽ ഉൾപ്പെടും.

പ്രത്യേക റിപ്പോർട്ട് ഒരു പൊതുരേഖയാണ്. അത് IBAC യുടെ ഒരു അന്വേഷണത്തെക്കുറിച്ച് വിശദമായ വിവരണം നൽകുന്ന രേഖയാകാം. ഇതിൽ തെളിവുകളെക്കുറിച്ചുള്ള ചർച്ചയും പരിശോധനയും, തെളിവുകൾ അടിസ്ഥാനമാക്കിയുള്ള IBAC യുടെ കണ്ടെത്തലുകളും നിർദ്ദേശങ്ങളും ഉൾപ്പെടാം.

IBAC യുടെ പ്രത്യേക റിപ്പോർട്ടുകളിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടാം:

- അന്വേഷണത്തിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികളെയോ സ്ഥാപനങ്ങളെയോ കുറിച്ചുള്ള അഭിപ്രായങ്ങൾ
- അവർ എങ്ങിനെയാണ് ഉൾപ്പെട്ടിട്ടുള്ളത്
- അന്വേഷണവിധേയമായ പ്രവൃത്തിയിൽ എന്തായിരുന്നു അവരുടെ പങ്കാളിത്തം.

റിപ്പോർട്ടിൽ വ്യക്തികളെയും ബിസിനസ്സുകളെയും അവരുടെ പേര് അല്ലെങ്കിൽ സാങ്കൽപ്പികനാമം (പേരുമാറ്റം/അപരനാമം) ഉപയോഗിച്ച് രേഖപ്പെടുത്തിയേക്കാം.

IBAC ചിലപ്പോൾ സാക്ഷികളെയോ വ്യവഹാരത്തിൽ പങ്കെടുത്ത കക്ഷികളെയോ കുറിച്ച് ഹാനികരമായ പരാമർശങ്ങളോ അഭിപ്രായങ്ങളോ നൽകിയെന്നു വരാം. ഒരു വ്യക്തിയെക്കുറിച്ചുള്ള ഹാനികരമായ പരാമർശവും അഭിപ്രായവും അവരുടെ താല്പര്യങ്ങളെ പ്രതികൂലമായി ബാധിക്കാവുന്ന ഒന്നാണ് (ഉദാഹരണത്തിന് അവരുടെ സൽപ്പേര് അല്ലെങ്കിൽ ഉദ്യോഗം).

സാക്ഷികളുടെ ക്ഷേമം നിലനിറുത്തുവാനും സുരക്ഷിതമാക്കുവാനുമുള്ള ഉത്തരവാദിത്വം വളരെ ഗൗരവമായിത്തന്നെ IBAC എടുക്കുകയും, പ്രത്യേക റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനു മുൻപായി ഹാനികരമായ രീതിയിൽ റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടുള്ള എല്ലാ ആളുകൾക്കും പ്രതികരിക്കുന്നതിന് ഒരു ന്യായമായ അവസരം നൽകുകയും ചെയ്യും.

### സ്വാഭാവികനീതി നടപടിക്രമം

ഒരു വ്യക്തിയെ ബാധിക്കാവുന്ന ഭരണാധികാരപരമായ ഒരു തീരുമാനത്തെക്കുറിച്ച് അറിവുള്ളവരാകുവാനും പ്രതികരിക്കുവാനുമുള്ള അവകാശത്തെയുമാണ് സ്വാഭാവികനീതി സൂചിപ്പിക്കുന്നത്.

IBAC യുടെ പ്രത്യേക റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ ഇതിന്റെ അർത്ഥം IBAC എവിടെയെങ്കിലും ഒരു വ്യക്തിയെ ഹാനികരമായി ബാധിക്കാവുന്ന തരത്തിലുള്ള പരാമർശമോ അഭിപ്രായമോ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, ഞങ്ങൾ ആ വ്യക്തിക്ക് പ്രസ്തുത പരാമർശങ്ങളോടും അഭിപ്രായങ്ങളോടും പ്രതികരിക്കുന്നതിന് ഒരു ന്യായമായ അവസരം നൽകും എന്നാണ്.

സ്വാഭാവികനീതി നടപടിക്രമം അനുസരിച്ച് ഹാനികരമായ ഒരു പരാമർശത്തിനോ അഭിപ്രായത്തിനോ വിഷയമായ ഒരു



ibac | Strengthening Victoria's Integrity

വ്യക്തിക്ക് IBAC പ്രത്യേക റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന ഹാനികരമായ സംഗതികൾ മനസ്സിലാക്കുന്നതിനും അവയോട് പ്രതികരിക്കുന്നതിനും പര്യാപ്തമായ വിവരങ്ങൾ നൽകേണ്ടതുണ്ട്. സാക്ഷികൾക്ക് അവരുടെ പരിശോധനയുടെ ഒരു പകർപ്പ് നൽകുന്നത് ഇതിൽ ഉൾപ്പെടും (അവർ പരിശോധനക്ക് വിധേയരായെങ്കിൽ).

### സ്വാഭാവികനീതി: നിയമം അനുശാസിക്കുന്നത്

ഇൻഡിപെൻഡന്റ് ബ്രോഡ് ബേസ്ഡ് ആന്റി കറപ്ഷൻ കമ്മീഷൻ ആക്ട് 2011 (IBAC ആക്ട്) ലെ സെക്ഷൻ 162 ൽ, IBAC ഒരു പ്രത്യേക റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനു മുൻപായി നിർബ്ബന്ധമായും പാലിക്കേണ്ടതായുള്ള എല്ലാ കാര്യങ്ങളും പ്രതിപാദിക്കുന്നുണ്ട്.

താഴെപ്പറയുന്നവ ഇതിലുൾപ്പെടും:

- വ്യക്തികളെക്കുറിച്ച് എന്തെങ്കിലും ഹാനികരമായ പരാമർശമോ അഭിപ്രായമോ IBAC പ്രത്യേക റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, അവയോടു പ്രതികരിക്കുന്നതിന് അവർക്ക് ഒരു ന്യായമായ അവസരം നൽകുക
- പൊതുസംഘടനകൾക്കും അവയുടെ പ്രസക്തരായ പ്രമുഖ ഉദ്യോഗസ്ഥർക്കും ഹാനികരമായ ഏതു കണ്ടെത്തലുകളോടും പ്രതികരിക്കുന്നതിന് ഒരു ന്യായമായ അവസരം നൽകുക
- ഒരു പ്രതികരണം ലഭിക്കുകയാണെങ്കിൽ, IBAC ആ പ്രതികരണത്തിലെ ഓരോ സംഗതിയും പ്രത്യേക റിപ്പോർട്ടിൽ നീതിയുക്തമായി പ്രതിപാദിക്കേണ്ടതാണ്.

## എന്തെല്ലാമാണ് ഒരു പ്രത്യേക റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ സാധിക്കുന്നതും സാധിക്കാത്തതും

- IBAC ക്ക് ഒരു വ്യക്തിയെക്കുറിച്ച് ഹാനികരമല്ലാത്ത ഒരു പരാമർശമോ അഭിപ്രായമോ ഉൾപ്പെടുത്തണമെങ്കിൽ, ആ വ്യക്തിക്ക് പ്രസക്തമായ വിവരങ്ങൾ നൽകിയിരിക്കണം. സാധാരണയായി ഇത് റിപ്പോർട്ടിന്റെ ആദ്യരേഖയിലെ പ്രസക്ത ഭാഗങ്ങളുടെ ഒരു പകർപ്പ് ആയിരിക്കും.
- ഒരു കുറ്റാന്വേഷണത്തെക്കുറിച്ചോ നിയമനടപടിയെക്കുറിച്ചോ IBAC ക്ക് അറിവുണ്ടെങ്കിൽ, ആ നടപടിയിൽ ഒരു മുൻവിധി സാദ്ധ്യതയുളവാക്കുന്ന ഒരു വിവരവും IBAC പ്രത്യേക റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ പാടില്ല.
- ഒരു വ്യക്തി അപരാധിയാണ്, കുറ്റകൃത്യമോ അച്ചടക്കലംഘനമോ ചെയ്തിട്ടുണ്ട്, അല്ലെങ്കിൽ ചെയ്തുകൊണ്ടിരിക്കുകയോ, ചെയ്യാൻ തുടങ്ങുകയോ ആണ് എന്നുള്ള കണ്ടെത്തലോ അഭിപ്രായമോ ഒന്നും തന്നെ IBAC ഉൾപ്പെടുത്തുവാൻപാടില്ല.
- ഒരു വ്യക്തിയെ കുറ്റകൃത്യമോ അച്ചടക്കലംഘനമോ കാരണം നിയമനടപടിക്ക് വിധേയമാക്കണമെന്ന് IBAC ക്ക് നിർദ്ദേശിക്കുവാനോ അഭിപ്രായപ്പെടുവാനോ സാധിക്കില്ല.

താഴെപ്പറയുന്ന കാര്യങ്ങൾ IBAC പരസ്യപ്പെടുത്തുവാൻ പാടില്ല:

- വിക്ടോറിയ പോലീസ് ആക്ട് 2013 പ്രകാരം നിർദ്ദേശം (ie ഒരു ശിക്ഷണ വ്യവഹാരം) ലഭിച്ചിട്ടുള്ള ഒരു വ്യക്തിയുടെ തിരിച്ചറിയൽ വിവരങ്ങൾ
- പൊതുതാല്പര്യ പരാതിക്കാരുടെ വിവരങ്ങൾ
- IBAC ഉദ്യോഗസ്ഥർ മുഖേന നൽകപ്പെടുന്ന മദ്യ-മയക്കുമരുന്ന് സാമ്പിളുകൾ സംബന്ധിച്ച കാര്യങ്ങൾ.

### ഹാനികരമായ പരാമർശത്തിനോ അഭിപ്രായത്തിനോ വിഷയമാകാത്ത ഒരു വ്യക്തിയെ തിരിച്ചറിയാൻ കഴിയുന്ന തരത്തിലുള്ള വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനു മുൻപ് നിശ്ചിത നിബന്ധനകൾ പാലിക്കപ്പെട്ടു എന്ന് IBAC ക്ക് മതിയായ ബോധ്യം ഉണ്ടായിരിക്കണം. ഈ നിബന്ധനകളിൽ താഴെപ്പറയുന്നവ ഉൾപ്പെടും:

- ഇത് പൊതുജനതാല്പര്യ പ്രകാരമാണ്
- ആ വ്യക്തിയുടെ സൽപ്പേരിനോ സുരക്ഷക്കോ ക്ഷേമത്തിനോ അന്യായമായ ഒരു ക്ഷതവും ഇതു കാരണം ഉണ്ടാവുകയില്ല എന്ന ബോധ്യം ഉണ്ട്
- ആ വ്യക്തി ഹാനികരമായ പരാമർശത്തിനോ അഭിപ്രായത്തിനോ വിഷയമല്ല എന്ന് റിപ്പോർട്ടിൽ പ്രസ്താവനയുണ്ട്.

## ഹാനികരമായ പരാമർശത്തിനോ അഭിപ്രായത്തിനോ വിഷയമായ മരണപ്പെട്ട വ്യക്തികൾ

മരണപ്പെട്ട ഒരു വ്യക്തിയെക്കുറിച്ച് പ്രത്യേക റിപ്പോർട്ടിൽ പരാമർശമോ അഭിപ്രായമോ ഉൾപ്പെടുന്നുണ്ടെങ്കിൽ അടുത്ത ബന്ധുക്കൾക്കോ നടത്തിപ്പുകാർക്കോ അല്ലെങ്കിൽ ഇരുകൂട്ടർക്കും, പ്രസ്തുത ഹാനികരമായ പരാമർശത്തിനോടും അഭിപ്രായത്തിനോടും പ്രതികരിക്കുവാൻ താല്പര്യമുള്ളപക്ഷം, അതിനുവേണ്ട വിവരങ്ങളും ഒരു ന്യായമായ അവസരവും ലഭിക്കുമെന്ന് IBAC ഉറപ്പു വരുത്തും.

## സ്വാഭാവികനീതിയുടെ നിശ്ചിതസമയം

ഒരു അന്വേഷണം ഏറ്റെടുത്തു നടത്തുവാനും അത് സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് പ്രസിദ്ധീകരിക്കുവാനും വേണ്ടിവരുന്ന സമയം നിർണ്ണയിക്കാൻ IBAC ക്ക് പ്രയാസമാണ്.

ഒരു പ്രത്യേക റിപ്പോർട്ട് തയ്യാറാക്കുന്നതിന്

വേണ്ടിവരുന്ന സമയത്തിൽ താഴെപ്പറയുന്നവയുൾപ്പെടെയുള്ള പല ഘടകങ്ങളുടെയും സ്വാധീനം ഉണ്ടാകാം:

- അന്വേഷണത്തിന്റെ വലിപ്പവും സങ്കീർണ്ണതയും
- ഉൾപ്പെടുന്ന ആളുകളുടെയോ പൊതുസംഘടനകളുടെയോ എണ്ണം
- IBAC ശേഖരിച്ച സംഗതികളുടെ അളവ്
- സ്വാഭാവികനീതി നടപടിക്രമത്തിന്റെ കാലയളവ്
- നിയമപരമായ കാലതാമസം.

അന്വേഷണത്തിലും സ്വാഭാവികനീതി നടപടിക്രമത്തിലും ഉടനീളം സമയനിർണ്ണയത്തിന്റെയും കാലതാമസത്തിന്റെയും ഏറ്റവും പുതിയ വിവരങ്ങൾ സാക്ഷികളെ അറിയിച്ചുകൊണ്ടിരിക്കാൻ IBAC ബാദ്ധ്യസ്ഥമാണ്.

സ്വാഭാവികനീതി നടപടിക്രമത്തിൽ ഉൾപ്പെടുന്ന എല്ലാ കക്ഷികൾക്കും വ്യക്തികൾക്കും സങ്കീർണ്ണതയുടെ വ്യത്യസ്തതലങ്ങളിൽപ്പെട്ട സംഗതികൾ ഉണ്ടായിരിക്കും. ചിലർക്ക് നടപടിക്രമം വേഗതയുള്ളതാകാം, അതേസമയം മറ്റു ചിലർക്ക് ദൈർഘ്യമേറിയതും കൂടുതൽ സങ്കീർണ്ണമായതുമാകാം.

## സ്വകാര്യതയും വെളിപ്പെടുത്താതിരിക്കാനുള്ള വ്യവസ്ഥകളും

ഒരു പ്രത്യേക റിപ്പോർട്ടിന്റെ ആദ്യരേഖയുടെ പകർപ്പ് ലഭിക്കുന്ന ഏതൊരാളും കർശനമായ സ്വകാര്യതാ വ്യവസ്ഥകൾക്ക് വിധേയമാണ്.

റിപ്പോർട്ടിന്റെ ആദ്യരേഖയിലെ ഉള്ളടക്കമോ കണ്ടെത്തലുകളോ പ്രസിദ്ധീകരണത്തിന് മുൻപ് ചർച്ച ചെയ്യുന്നത് ക്രിമിനൽ കുറ്റമാണ്. താഴെപ്പറയുന്ന സാഹചര്യങ്ങളിൽ ഒഴികെ:

- നിങ്ങൾക്ക് IBAC യിൽ നിന്ന് രേഖാമൂലമുള്ള അനുമതി ലഭിക്കുന്നു (നിങ്ങളുടെ രജിസ്റ്റർ ചെയ്തിട്ടുള്ള മെഡിക്കൽ, അല്ലെങ്കിൽ അനുബന്ധ ആരോഗ്യചികിത്സ നല്കുന്നവർ എന്നിവരോട് ചർച്ച ചെയ്യുവാനുള്ള അനുമതി ഇതിൽ ഉൾപ്പെടാം)
- പ്രസ്തുത റിപ്പോർട്ട് സംബന്ധമായി നിങ്ങൾ നിയമോപദേശമോ പ്രാതിനിധ്യമോ ലഭിക്കാൻ ശ്രമിക്കുകയാണ്
- നിങ്ങൾ വിക്ടോറിയൻ ഇൻസ്പെക്ടറേറ്റിൽ IBAC യുടെയോ IBAC ഉദ്യോഗസ്ഥരുടെയോ പ്രവർത്തനം സംബന്ധിച്ച് ഒരു പരാതി നൽകുകയാണ്, അല്ലെങ്കിൽ വിക്ടോറിയൻ ഇൻസ്പെക്ടറേറ്റിൽ നിന്നും ലഭിച്ചിട്ടുള്ള ഒരു സമൻസിനുള്ള പ്രതികരണം നൽകുകയാണ്.

നിങ്ങൾക്ക് ഈ പട്ടികയിൽ ഉൾപ്പെടാത്ത ആരെങ്കിലുമായി കാര്യങ്ങൾ ചർച്ച ചെയ്യുന്നത് ആവശ്യമാണെങ്കിൽ, ദയവായി ഈ വ്യവഹാരത്തിന് ചുമതലപ്പെട്ട IBAC അന്വേഷകനെ സമീപിക്കുക.

## നിയമോപദേശവും നിയമപരമായ പ്രാതിനിധ്യവും

സ്വാഭാവികനീതി നടപടിക്രമത്തിന്റെ ഏതു ഘട്ടത്തിലും നിങ്ങൾക്ക് നിയമോപദേശം തേടാം. നിങ്ങൾക്ക് നിങ്ങളുടേതായ നിയമ വിദഗ്ദ്ധർ ഇല്ലെങ്കിൽ, ദയവായി താഴെപ്പറയുന്ന മാർഗ്ഗങ്ങൾ പരിഗണിക്കുക:

- നിങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്ന സ്വകാര്യ നിയമജ്ഞരുടെ പട്ടിക സൂക്ഷിക്കുന്ന **ലോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിക്ടോറിയ**യുടെ നിയമ റെഫറൽ സേവനം. നിയമ റെഫറൽ സേവനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ നിയമ സ്ഥാപനങ്ങളും 30 മിനിറ്റ് നീളുന്ന ഒരു അഭിമുഖം സൗജന്യമായി നൽകും. നിയമപരമായ പ്രശ്നം കൂടുതൽ മനസ്സിലാക്കുവാനും ലഭ്യമായ മാർഗ്ഗങ്ങൾ ചർച്ച ചെയ്യുവാനും അവ എത്ര ചിലവുള്ളതാണ് എന്നറിയുവാനും നിങ്ങൾക്ക് ഈ അഭിമുഖം ഉപയോഗപ്പെടുത്താം.

  നിങ്ങൾക്ക് കൂടുതൽ വിവരങ്ങൾ ആവശ്യമുണ്ടെങ്കിൽ, ദയവായി നിയമ റെഫറൽ സേവനവുമായി (03) 9607 9550 എന്ന നമ്പറിൽ ബന്ധപ്പെടുക, അല്ലെങ്കിൽ **www.liv.asn.au/referral** സന്ദർശിക്കുക
- ക്രിമിനൽ നിയമ സംബന്ധമായതും, ചില സിവിൽ നിയമ കാര്യങ്ങളിലും **വിക്ടോറിയ ലീഗൽ എയ്ഡ് ന്** നിങ്ങളെ സഹായിക്കാനാകും. ചില സേവനങ്ങൾ എല്ലാവർക്കും ലഭ്യമായുള്ളപ്പോൾ, മറ്റു ചില സേവനങ്ങൾ അർഹതപ്പെട്ടവർക്കു മാത്രമാണ് ലഭിക്കുക.

  കൂടുതൽ വിവരങ്ങൾ ആവശ്യമുണ്ടെങ്കിൽ, ദയവായി 1300 792 387 എന്ന നമ്പറിൽ വിളിക്കുക, അല്ലെങ്കിൽ **www.legalaid.vic.gov.au** സന്ദർശിക്കുക
- **വിക്ടോറിയൻ അബൊറിജിനൽ ലീഗൽ സർവീസ് കോഓപ്പറേറ്റീവ് ലിമിറ്റഡ് (VALS)** വിക്ടോറിയയിലുള്ള ആദിമവർഗ്ഗ ജനതയ്ക്കും ടോറസ് സ്ട്രെയ്റ്റ് ദ്വീപുവാസികൾക്കും റെഫറലുകളും ഉപദേശവും വിവരങ്ങളും നൽകുന്നതിലും, ഡ്യൂട്ടി വർക്ക്, കേസ് വർക്ക് തുടങ്ങിയ സേവനം നൽകുന്നതിലും ഒരു പ്രധാന പങ്ക് വഹിക്കുന്നു. VALS ൽ ക്രിമിനൽ നിയമത്തിലോ സിവിൽ നിയമത്തിലോ വിദഗ്ദ്ധരായ നിയമജ്ഞർക്ക് നിങ്ങളെ സഹായിക്കാൻ കഴിയും.

കൂടുതൽ വിവരങ്ങൾക്ക് ദയവായി VALS നെ 1800 064 865 എന്ന നമ്പറിൽ വിളിക്കുക, അല്ലെങ്കിൽ www.vals.org.au സന്ദർശിക്കുക

## സാക്ഷിക്ഷേമ സഹായം ലഭ്യമാണ്

IBAC ക്ക് ഒരു സമർപ്പിത സാക്ഷി സമ്പർക്ക സംഘമുണ്ട്. അവർ സാക്ഷികൾ, സംശയിക്കപ്പെട്ടു നിൽക്കുന്ന വ്യക്തികൾ, IBAC വ്യവഹാരത്തിൽ IBAC യുടെ കടമകൾ, ചുമതലകൾ, അധികാരങ്ങൾ എന്നിവയ്ക്ക് വിധേയരായ മറ്റാളുകൾ എന്നിവരെല്ലാം തമ്മിൽ പതിവായി ആശയവിനിമയം നിലനിൽക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു.

സാക്ഷി സമ്പർക്ക ഉദ്യോഗസ്ഥർ സാക്ഷികൾക്ക് കൗൺസെലിങ് സേവനങ്ങൾ, അവർക്ക് പ്രയോജനകരമാകുന്ന മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങളോ അല്ലെങ്കിൽ അവയിലേക്കുള്ള റെഫറലുകളോ നൽകും. സാക്ഷി സമ്പർക്ക ഉദ്യോഗസ്ഥർ സാക്ഷികൾക്ക് കൗൺസെലിങ് സേവനം നൽകുകയോ അവരുമായി ചികിത്സാപരമായ ഒരു ബന്ധം ഉണ്ടാക്കുകയോ ഇല്ല.

നിങ്ങളുടെ ക്ഷേമത്തെക്കുറിച്ച് നിങ്ങൾക്ക് ആശങ്കയുണ്ടെങ്കിൽ, അതിനായി നിങ്ങൾക്ക് കൗൺസെലിങ് സഹായം ആവശ്യമുണ്ടെങ്കിൽ നിങ്ങൾക്ക് IBAC യുടെ സ്വതന്ത്രവും സൗജന്യവും സ്വകാര്യത ഉറപ്പുള്ളതുമായ സാക്ഷിക്ഷേമ ദാതാക്കളായ Converge International നെ 1300 687 327 എന്ന നമ്പറിൽ വിളിക്കാം. Converge ദിവസത്തിൽ 24 മണിക്കൂറും ആഴ്ചയിൽ ഏഴു ദിവസവും ഫോൺ വിളികൾക്ക് മറുപടി നൽകുന്നതാണ്. ഈ സേവനം ഉപയോഗിക്കുമ്പോൾ നിങ്ങൾ ഒരു സാക്ഷിയാണെന്നോ, അല്ലെങ്കിൽ IBAC വ്യവഹാരത്തിൽ ഉൾപ്പെടുന്ന ആളാണെന്നോ Converge നെ അറിയിക്കുന്നത് സഹായകമാകും.

കൗൺസെലിങ് സേവനങ്ങൾ നിങ്ങൾക്ക് സുരക്ഷിതവും പിന്തുണയുള്ളതുമായ ഒരു പരിസരത്തിൽ നിങ്ങളുടെ വികാരങ്ങൾ ചർച്ച ചെയ്യുവാൻ അവസരം നൽകുന്നു. നിങ്ങൾക്ക് IBAC വ്യവഹാരസംബന്ധമായി സഹായം ആവശ്യമുണ്ടെങ്കിൽ, നിങ്ങൾക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള ആരോഗ്യപ്രവർത്തകരുമായി നിങ്ങളുടെ മാനസിക ആരോഗ്യവും ക്ഷേമവും സംബന്ധിച്ച വിഷയങ്ങളും നിങ്ങളുടെ സ്വകാര്യതാ നോട്ടീസിലെ കാര്യങ്ങളും ചർച്ച ചെയ്യാവുന്നതാണ്.

നിങ്ങൾക്ക് പരിഭാഷാ സേവനമോ ചലനക്ഷമതാ സഹായമോ ആവശ്യമുണ്ടെങ്കിൽ, അഥവാ വ്യവഹാരം നടത്തുന്ന പരിസരത്ത് മാറ്റങ്ങൾ വരുത്തണമെന്നുണ്ടെങ്കിലും, നിങ്ങൾക്ക് ലഭിക്കാവുന്ന ക്ഷേമസഹായ സംബന്ധമായി കൂടുതൽ വിവരങ്ങൾ അറിയണമെന്നുണ്ടെങ്കിലും, ദയവായി സാക്ഷി സമ്പർക്ക സംഘവുമായി witnessliaison@ibac.vic.gov.au എന്ന ഇമെയിൽ വിലാസത്തിൽ ബന്ധപ്പെടുകയോ സാക്ഷിക്ഷേമ വിവരപത്രം നോക്കുകയോ ചെയ്യുക.

## പരാതി നൽകുന്നത്

നിങ്ങൾ IBAC യെക്കുറിച്ചോ അവരുടെ ഉദ്യോഗസ്ഥരുടെ പെരുമാറ്റത്തെക്കുറിച്ചോ പരാതിപ്പെടാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ദയവായി വിക്ടോറിയൻ ഇൻസ്പെക്ടറേറ്റ് (Victorian Inspectorate) നെ 1800 518 197 എന്ന നമ്പറിൽ വിളിക്കുക, അല്ലെങ്കിൽ www.vicinspectorate.vic.gov.au സന്ദർശിക്കുക.

നിങ്ങൾക്ക് IBAC യുടെ തീരുമാനത്തോട് വിയോജിപ്പുണ്ടെങ്കിൽ എന്താണ് ചെയ്യേണ്ടത് എന്നതുൾപ്പെടെയുള്ള കൂടുതൽ വിവരങ്ങൾ അറിയാൻ www.ibac.vic.gov.au സന്ദർശിക്കുക.

## കൂടുതൽ വിവരങ്ങൾക്ക് ദയവായി:

IBAC യെ **1300 735 135** എന്ന നമ്പറിൽ വിളിക്കുക

(10am – 4pm, തിങ്കൾ മുതൽ വെള്ളി വരെ, പൊതുഅവധി ദിവസങ്ങൾ ഒഴികെ)

IBAC യെ ഇമെയിൽ ചെയ്യുക **info@ibac.vic.gov.au**

അല്ലെങ്കിൽ ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക **www.ibac.vic.gov.au**

Interpreter

നിങ്ങൾക്ക് വിവർത്തനസഹായം ആവശ്യമുണ്ടെങ്കിൽ പരിഭാഷാ-ആഖ്യാന സേവനവുമായി **13 14 50** എന്ന നമ്പറിൽ ബന്ധപ്പെടുക, അല്ലെങ്കിൽ **www.ibac.vic.gov.au/mylanguage** സന്ദർശിക്കുക

സാക്ഷികളുടെ ക്ഷേമം

ibac | Strengthening Victoria's Integrity